**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **07-10-2024 - ൽ മറുപടിയ്ക്ക്**

**തീരമേഖല ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2019-ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച പദ്ധതികളിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കാൻ ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2011 ലെ ജനസാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ജനസംഖ്യയുള്ള വികസിത പ്രദേശങ്ങളെ സി.ആർ.ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി.ആർ.ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി.ആർ.ഇസഡ് III A യിൽ വികസന നിരോധിത മേഖല കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ് III B യിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന നിരോധിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂര പരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അതും വികസന രഹിത മേഖലയാണ്. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ വികസന രഹിത മേഖല ബാധകമല്ല.<br><br>സി.ആർ.ഇസഡ് III മേഖലയിൽ ഉൾപ്പെട്ട 66 കാറ്റഗറി I തീരദേശ ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് II ലേയ്ക്ക് തരം മാറ്റിയിട്ടുണ്ട്. ഈ 66 തീരദേശ പഞ്ചായത്തുകളിൽ ആണവോർജ്ജ വകുപ്പ് നിർദ്ദേശിച്ച പ്രദേശങ്ങൾ CRZ II ആയി തരം |

| | | | |
|---|---|---|---|
| | | | തിരിക്കരുതെന്നും ടി പ്രദേശങ്ങൾ മാനദണ്ഡങ്ങൾ പ്രകാരം CRZ III A/CRZ III B എന്നിവയായി തരം തിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ലെ SO നമ്പർ 4886 (E) ആയി ഭേദഗതി പുറപ്പെടുവിച്ചത് പ്രകാരം, 1991 ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകൾ/ സ്ലൂയിസ് ഗേറ്റുകൾ നിലവിലുണ്ടെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകൾ/സ്ലൂയിസ് ഗേറ്റുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർച്ചിട്ടുണ്ട്.<br><br>2019 CRZ വിജ്ഞാപന പ്രകാരം 1000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റം മാത്രമാണ് 50 മീറ്റർ ബഫർ ഡീമാർക്കേറ്റ് ചെയ്യുന്നത്. കൂടാതെ 2019 തീരദേശ പരിപാലന പ്ലാനിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യുന്നതിനുള്ള ആവശ്യമായ മാറ്റങ്ങൾ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് തീരമേഖലയിൽ ഇത്തരം ഇളവുകൾ നൽകിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്; ഇതുമൂലം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ എന്തൊക്ക ഇളവുകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | തീരദേശ മേഖല ഉൾപ്പെട്ട എല്ലാ സംസ്ഥാനങ്ങൾക്കും 2019 ലെ സി.ആർ.ഇസഡ് വിജ്ഞാപനം ബാധകമാണ്. കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് III ൽ നിന്ന് സി.ആർ.ഇസഡ് II ലേക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 37 ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് III A ലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമപഞ്ചായത്തുകളെയാണ് സി.ആർ.ഇസഡ് II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 109 ഗ്രാമപഞ്ചായത്തുകൾ കൂടി സി.ആർ.ഇസഡ് II ൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇളവ് പ്രാബല്യത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ തീരമേഖലയിൽ സിആർഇസഡ് - മൂന്നിന്റെ വ്യവസ്ഥകൾ ബാധകമാകുന്ന തദ്ദേശസ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ആയത് ബാധകമല്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്കു കൂടി ആവശ്യമായ ഇളവുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സാധ്യമാകുമോ എന്നും അറിയിക്കാമോ? | (സി) | തീരദേശ മേഖല ഉൾപ്പെട്ട എല്ലാ സംസ്ഥാനങ്ങൾക്കും 2019 ലെ സി.ആർ.ഇസഡ് വിജ്ഞാപനം ബാധകമാണ്. കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് III ൽ നിന്ന് സി.ആർ.ഇസഡ് II ലേക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 37 ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് III A ലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമപഞ്ചായത്തുകളെയാണ് സി.ആർ.ഇസഡ് II |

| | | | |
|---|---|---|---|
| | | | ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 109 ഗ്രാമപഞ്ചായത്തുകൾ കൂടി സി.ആർ.ഇസഡ് II ൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ